പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3084 — 03.04.2013-ൽ മറുപടിക്ക്

## ഉറവിട മാലിന്യ സംസ്കരണ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശശി | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്കായി 2012-13-ലെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്നും ആയതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ; | എ) & ബി) 2012 - 13 -ലെ ബഡ്ജറ്റിൽ 74 കോടി രൂപ നഗരസഭകൾക്കും 24 കോടി രൂപ ഗ്രാമപഞ്ചായത്തുകൾക്കുമായി വകയിരുത്തിയിരുന്നു. അതിൽ നിന്നും സാങ്കേതിക അനുമതി നൽകിയ പ്രോജക്ടുകൾക്ക് നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും കൂടി ഒന്നാംഘട്ടമായി 24.3 കോടി രൂപ നടപ്പു സാമ്പത്തിക വർഷത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾക്കായി നൽകിയിട്ടുണ്ട്. |
| ബി) ഉറവിടങ്ങളിൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നടപ്പു സാമ്പത്തിക വർഷത്തിൽ സബ്സിഡിയായി എത്രതുക വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ ; | |
| സി) പ്രസ്തുത പദ്ധതി ഏത് ഏജൻസി വഴിയാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ? | സി) അതാത് പ്രദേശത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ